**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1072** **31-01-2024 - ൽ മറുപടിയ്ക്ക്**

**പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജകമണ്ഡലത്തിൽ അഴീക്കോട് ജംഗ്ഷൻ മുതൽ മരുതിനകം വരെയുള്ള സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള 50 വർഷം വരെ പഴക്കമുള്ള പൈപ്പ്ലൈനുകൾ മാറ്റി, ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | **അഴീക്കോട് ജംഗ്ഷൻ മുതൽ മരുതിനകം വരെയുള്ള സ്ഥലത്ത് പഴക്കമുള്ള പൈപ്പ് ലൈനുകൾ മാറ്റി ഇടുന്നതിന് ജല ജീവൻ മിഷനിൽ ടെൻഡർ വിളിച്ച് പണികൾ നടന്നു വരുന്നു. പൈപ്പുകൾ മാറ്റിയിടുന്നതിന് റോഡ് കട്ടിംഗിന് പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിച്ച തുക ഒടുക്കിയിട്ടുണ്ട്. പൊതുമരാമത്തു വകുപ്പിൽ നിന്നും അനുവാദം കിട്ടുന്ന മുറയ്ക്ക് പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.** |
| (ബി) | അതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നത് ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) | **അഴീക്കോട് ജംഗ്ഷൻ മുതൽ മരുതിനകം വരെയുള്ള സ്ഥലത്ത് പഴക്കമുള്ള പൈപ്പ് ലൈനുകൾ മാറ്റി ഇടുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിച്ച തുക ഒടുക്കിയിട്ടുണ്ട്. അനുവാദം കിട്ടുന്ന മുറയ്ക്ക് പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ